**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2514** **12-10-2021 - ൽ മറുപടിയ്ക്ക്**

**കയറിന്റെയും കയറുല്പന്നങ്ങളുടെയും വിപണനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന കയറിന്റെയും കയറുല്പന്നങ്ങളുടെയും വിപണനം ഉയർത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന കയറിന്റെ വിപണി വികസിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മണ്ണ്, ജല സംരക്ഷണ പദ്ധതിയ്ക്കും, റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർകേരളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര വിപണന ധാരണാപത്രം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ഒപ്പ് വെച്ചിട്ടുണ്ട്. കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി നിർവ്വഹിക്കുന്നു. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾ വഴി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. ഉൽപ്പന്ന മേഖലയിൽ കൂടുതൽ ഡിമാൻറ് ഉള്ളത് കയർഭൂവസ്ത്രത്തിനാണ്. പി.പി.എസ്.എസ് പദ്ധതി വഴി ചെറുകിട ഉല്പാദക സംഘങ്ങളിൽ നിന്നും ഉത്പന്ന മേഖലയിലെ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ നിന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിക്കുന്ന ഉത്പന്നങ്ങൾ കയറ്റുമതിക്കാർക്ക് വിൽക്കുമ്പോൾ 16% ഡിസ്കൗണ്ട് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് നൽകിവരുന്നുണ്ട്. കയർ കേരളയിൽ പങ്കെടുത്ത് വ്യാപാര കരാർ ഒപ്പുവയ്ക്കുമ്പോൾ 5% അധിക ഡിസ്കൗണ്ടും പ്രോത്സാഹനമായി നൽകിവരുന്നുണ്ട്. കയറിന്റേയും മറ്റ് പ്രകൃതിദത്തനാരുകളുടേയും അന്തർദേശീയ പ്രദർശന മേളയായ കയർ കേരള |

| | | | |
|---|---|---|---|
| | | | നടത്തുന്നത് കയർ ഉത്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. 2021 വെർച്ചൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിട്ടുകയുണ്ടായി. ഇപ്രകാരം മേളകൾ സംഘടിപ്പിക്കുക വഴിയും ആഭ്യന്തര-വിദേശ വിപണികൾ വിപുലീകരിക്കാൻ കഴിയുന്നുണ്ട്. കയർ പൊതുമേഖലാസ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വികസനത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. 2021-22 ലെ ബജറ്റിൽ “Publicity propaganda including trade exhibition” എന്ന ശീർഷകത്തിൽ 10 കോടി രൂപ നീക്കിവച്ചിട്ടുള്ളത് കയർ ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരണം ലക്ഷ്യമാക്കിയാണ്. ഈ കോവിഡ് കാലത്ത് പാദങ്ങളുടെ ശുചിത്വം ലക്ഷ്യംവെച്ച് സാനിമാറ്റ്, സാനിപാഡ് എന്നീ പേരുകളിൽ പ്രത്യേക കയർ ഉത്പന്നങ്ങൾ അവതരിപ്പിച്ചത് കയറിന് പുതിയ വിപണി കണ്ടെത്തുന്നതിനാണ്. |

സെക്ഷൻ ഓഫീസർ